# കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ,തൃശ്ശൂർ ജില്ല

പ്രവചന കാലയളവ് 29.06.2024 മുതൽ 03.07.2024 വരെ

വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ
കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും
ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്

| എ എ എസ് ബുള്ളറ്റിൻ നമ്പർ 26/2024, (52) വെള്ളിയാഴ്ച്ച | തീയ്യതി 28/06/2024 |
|---|---|

| കഴിഞ്ഞ ആഴ്ചയിൽ അനുഭവപ്പെട്ട കാലാവസ്ഥ (2024 ജൂൺ 22 മുതൽ ജൂൺ 28 വരെ) | | | | | | | കാലാവസ്ഥാ ഘടകങ്ങൾ | കാലാവസ്ഥാ പ്രവചനം (2024 ജൂൺ 29 മുതൽ ജൂലൈ 03 വരെ) | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 22/06 | 23/06 | 24/06 | 25/06 | 26/06 | 27/06 | 28/06 | തീയ്യതി | 29/06 | 30/06 | 01/07 | 02/07 | 03/07 |
| 44.3 | 9.6 | 10.7 | 47.2 | 54.1 | 22.2 | 17.8 | മഴ (മില്ലീമീറ്റർ) | 15 | 5 | 12 | 14 | 2 |
| 29.0 | 29.8 | 29.1 | 29.2 | 29.0 | 30.7 | 28.1 | ഉയർന്ന താപനില (°C) | 30 | 32 | 32 | 32 | 32 |
| 23.8 | 24.4 | 24.2 | 23.4 | 23.7 | 24.2 | 24.4 | കുറഞ്ഞ താപനില (°C) | 24 | 25 | 25 | 25 | 25 |
| Overcast | Cloudy | Overcast | Overcast | Overcast | Overcast | Cloudy | AM — മേഘ വ്യാപ്തി (ഒക്ടാ) | Overcast | Cloudy | Overcast | Overcast | Overcast |
| Cloudy | Overcast | Cloudy | Overcast | Overcast | Overcast | | PM — മേഘ വ്യാപ്തി (ഒക്ടാ) | | | | | |
| 97 | 97 | 96 | 99 | 97 | 97 | 97 | കൂടിയ അന്തരീക്ഷ ആർദ്രത (%) | 92 | 92 | 92 | 90 | 90 |
| 77 | 83 | 97 | 98 | 93 | 86 | | കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 86 | 86 | 86 | 86 | 86 |
| 1.1 | 2.0 | 2.0 | 1.2 | 1.6 | 2.2 | 0.8 | കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 3 | 3 | 4 | 4 | 4 |
| C | C | C | NNE | WSW | C | C | AM — കാറ്റിന്റെ ദിശ (ഡിഗ്രി ) | W | W | WNW | W | SSW |
| WNW | SSW | C | C | WN W | C | | PM — കാറ്റിന്റെ ദിശ (ഡിഗ്രി ) | | | | | |

| കഴിഞ്ഞ ആഴ്ച്ചയിലെ മഴ (മില്ലീമീറ്റർ) | 01/01/2024 മുതൽ ഇന്നുവരെയുള്ള മഴ (മില്ലീമീറ്റർ) | 01/06/24 മുതൽ ഇന്നുവരെയുള്ള മഴ (മില്ലീമീറ്റർ) |
|---|---|---|
| 205.9 | 1227.1 | 596.3 |

കാലാവസ്ഥാ അറിയിപ്പ്:- 2024 ജൂൺ 29 മുതൽ ജൂലൈ 02 വരെ കേരളത്തിൽ ഒന്നോ രണ്ടോ സ്ഥലങ്ങളിൽ ഇടിമിന്നലോട് കൂടിയ ശക്തമായ കാറ്റ് അനുഭവപ്പെടാൻ സാധ്യതയുണ്ട്.

SMS:- IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ സാമാന്യം ഭേദപ്പെട്ട മഴയ്ക്ക സാധ്യത. കേരളത്തിൽ ശരാശരിയേക്കാൾ കൂടുതൽ മഴ ലഭിക്കാൻ സാധ്യത.

## വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും (തൃശ്ശൂർ ജില്ല)

പൊതുനിർദേശങ്ങൾ: കാലവർഷസമയത്ത് കാർഷികവിളകൾക്ക് പ്രത്യേക വിളപരിപാലനം നടത്തേണ്ടതാണ്. വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ നീർവാർച്ചാസൗകര്യങ്ങൾ ഉറപ്പുവരുത്തുക. മണ്ണ് പരിശോധന നടത്തി മണ്ണിൽ അമ്ലത്വം കൂടുതൽ കാണപ്പെടുകയാണെങ്കിൽ ആവശ്യത്തിന് കുമ്മായം ചേർത്തുകൊടുക്കുക. മഴയില്ലാത്ത സമയത്ത്മാത്രം കീടനാശിനി പ്രയോഗം നടത്തുക. വാഴകൾക്ക് താങ്ങുകാലുകൾ നൽകുക. പച്ചക്കറി പന്തലുകൾ കൂടുതൽ ബലപ്പെടുത്തുക. കർഷകർക്കും, കന്നുകാലികൾക്കും ഇടിമിന്നൽ ഏൽക്കാതിരിക്കാൻ തുറസ്സായ സ്ഥലങ്ങളിൽ നിൽക്കാതിരിക്കുക.

| വിളകൾ | - | കാർഷിക / മൃഗസംരക്ഷണ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (വിരിപ്പ്) | നിലം ഒരുക്കൽ | വിരിപ്പ് നെൽകൃഷി ഇറക്കുന്ന പാടങ്ങളിൽ പറിച്ചു നടീലിന് നിലം ഒരുക്കുമ്പോൾ, ഒരു ഏക്കറിന് 140 കിലോഗ്രാം വീതം കുമ്മായം ഇട്ടുകൊടുക്കാവുന്നതാണ് . |
| വാഴ | മാണഅഴുകൽ | മഴക്കാലത്ത് വാഴയിൽ മാണ അഴുകലിന് സാധ്യതയുണ്ട്. മുൻകരുതലായി 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി 3 ലിറ്റർ വീതം ഓരോ വാഴയുടെ ചുവട്ടിലും ഒഴിച്ച് കൊടുക്കുക. |
| കുരുമുളക് | വാട്ടരോഗം/ ദ്രുതവാട്ടം | മഴക്കാലത്ത് കുരുമുളകിൽ കാണുന്ന വാട്ടരോഗത്തിന് മുൻകരുതലായി 2.5 ഗ്രാം കോപ്പർ ഓക്സിക്ലോറൈഡ് അല്ലെങ്കിൽ 2 ഗ്രാം കോപ്പർ ഹൈഡ്രോക്സൈഡ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിച്ചുകൊടുക്കുകയും, തടത്തിൽ ഒഴിച്ച് കൊടുക്കുകയും ചെയ്യുക. |

മൃഗസംരക്ഷണം-: കാലി തീറ്റ ചാക്കുകൾ മരപ്പലകയുടെയോ ഇരുമ്പുപ്പലകയുടെയോ മുകളിൽ സൂക്ഷിക്കുക. കാലി തീറ്റയിൽ ഈർപ്പം കലർന്നാൽ അത് മാരകമായ പൂപ്പൽ വിഷ ബാധയ്ക്ക് കാരണമാകും. കന്നുകാലികൾക്ക് കാൽമുടന്തോ, പനിയോ കണ്ടാൽ ഉടനടി വൈദ്യസഹായം തേടുക.(CAADECCS, KVASU, Mannuthy).